**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് കൂടുതലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾ പരാജയപ്പെടുന്നതിന്റെയും ഇടയ്ക്ക് വെച്ച് പഠനം നിർത്തിപോകുന്ന പ്രവണതയും പരിശോധിച്ചിട്ടുണ്ട്. ഇത് ആപേക്ഷികമായി കൂടുതൽ അല്ല. മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനാൽ അഞ്ചാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള തിരഞ്ഞെ ടുക്കപ്പെട്ട കുട്ടികൾക്കായി 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വകുപ്പ് നടപ്പാക്കി വരുന്നു. തോന്നയ്ക്കലിൽ പെൺകുട്ടികൾക്കായി ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ സ്കൂൾ ഈ അദ്ധ്യയന വ ർഷം ആരംഭിക്കും. 5 മുതൽ 10വരെയുള്ള കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം 86 ഇടങ്ങളിൽ ഒരുക്കിയിട്ടുണ്ട്. ഇവിടെ പ്രത്യേക ട്യൂഷൻ ഏർപ്പാടാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 200 വിജ്ഞാനവാടികൾ സ്കൂൾ കുട്ടികൾക്ക് അടക്കം ലൈബ്രറി സൗകര്യത്തോടെ വൈകുന്നേരങ്ങളിൽ പ്രവർത്തിച്ചു വരുന്നു.<br><br>പട്ടിക വർഗ്ഗ മേഖലകളിലെ സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെ സ്കൂളിലേയ്ക്ക് കൊണ്ടു വരുന്നതിനും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ മേഖലകളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിലേക്കായും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുമായി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെയും ഇടപെടലുകളുടെയും ഫലമായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനത്തിന് സഹായകരമാകുന്ന തരത്തിൽ പട്ടികജാതി വികസനവകുപ്പ് താഴെപ്പറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>പ്രീമെട്രിക് സ്കോളർഷിപ്പ്, പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയിഡ്, പ്രതിമാസ സ്റ്റൈപ്പന്റ്, 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്, ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണ ജോലികളിൽ ഏർപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്, അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ്മെന്റ്, ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പ്രത്യേക പ്രോത്സാഹന സമ്മാനം, മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം - വിഷൻ, പ്ലസ് ടു പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ് -വിഷൻ പ്ലസ്സ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം, സ്റ്റെതസ്കോപ്പ് വിതരണം, എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്, ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനപരിശീലനോപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻ സ്റ്റിറ്റ്യൂട്ടുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സബ്സിഡൈസ്ഡ് ഹോസ്റ്റൽ.<br><br>**പട്ടികവർഗ്ഗ വികസനവകുപ്പിന്റെ** നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് റെമഡിയൽ ക്ലാസുകൾ നൽകിവരുന്നു. കൂടാതെ ഗണിത വിഷയത്തിൽ പ്രോത്സാഹനം നൽകുന്നതിന് മഞ്ചാടി പദ്ധതിയും, ശാസ്ത്ര വിഷയങ്ങളിൽ പ്രോത്സാഹനം നൽ കുന്നതിന് **മഴവിൽ പദ്ധതിയും KDISC യുമായി സഹകരിച്ച നടപ്പിലാക്കി വരുന്നു.** വകുപ്പിന്റെ നിയന്ത്രണത്തിലുള്ള |

| | | | |
|---|---|---|---|
| | | | ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സഹായത്തോടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനവും നൽകിവരുന്നു. സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെ എത്തുന്ന കുട്ടികൾക്ക് ഫലപ്രദമായ പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷം മുതൽ **സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഉടനീളം 364 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ച് വരുന്നു.**<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളുകളിൽ ഉറപ്പാക്കുന്നതിനും, സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും, വിദ്യാഭ്യാസ ത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണബോർഡ് എന്നിവരുടെ സഹകരണത്തോടുകൂടി ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ആയത് പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | വാഹന സൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വാഹന സൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്താൻ വകുപ്പ് നിലവിൽ "വിദ്യാവാഹിനി" പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്തു നിന്നും സ്കൂളിൽ പോയിവരാൻ വകുപ്പ് ആവിഷ്കരിച്ച ഗോത്രസാരഥി പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, ഗോത്രവാഹിനി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനഃനാമകരണം ചെയ്ത് 2023-24 മുതൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ